REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 12-07-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **തലമുറകൾക്ക് നാദവിസ്മയം പകർന്ന ഇതിഹാസ ഗായിക, S ജാനകി അന്തരിച്ചു.**
- **S ജാനകിയുടെ വിയോഗത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, മുഖ്യമന്ത്രി VD സതീശൻ തുടങ്ങി പ്രമുഖർ അനുശോചിച്ചു.**
- **വിയറ്റ്നാമിൽ ബോട്ട് അപകടത്തിൽ രണ്ട് മലയാളികൾ മരിച്ച സംഭവത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ മുഖ്യമന്ത്രി VD സതീശൻ നോർക്ക CEO യെ ചുമതലപ്പെടുത്തി.**
- **ലഹരിയുടെ കറുത്ത കൈകളിൽ നിന്ന് നാടിനെ രക്ഷിക്കുന്ന പോരാട്ടത്തിൽ വിദ്യാർത്ഥികൾ മുന്നണിപ്പോരാളികളാകണമെന്ന് മന്ത്രി രമേശ് ചെന്നിത്തല.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇംഗ്ലണ്ട് സെമിയിൽ. അർജന്റീന - സ്വിറ്റ്സർലൻഡ് മത്സരം പുരോഗമിക്കുന്നു.**

## വാർത്തകൾ വിശദമായി

തലമുറകൾക്ക് നാദവിസ്മയം പകർന്ന ഇതിഹാസ ഗായിക, S ജാനകി അന്തരിച്ചു. ഇന്നലെ വൈകിട്ട് മൈസൂരുവിലെ അപ്പോളോ ആശുപത്രിയിലായിരുന്നു 88 കാരിയായ ജാനകിയമ്മയുടെ അന്ത്യം. നാല് തവണ മികച്ച ഗായികക്ക് ദേശീയ പുരസ്കാരവും 11 തവണ സംസ്ഥാന പുരസ്കാരവുമടക്കം നിരവധി അംഗീകാരങ്ങൾ അവരെ തേടിയെത്തിയിട്ടുണ്ട്.

....(വോയ്സ്).............

ഭാഷകൾക്കും കാലദേശങ്ങൾക്കുമപ്പുറം, സംഗീത മഴയായി ആസ്വാദകരിൽ പെയ്തു നിറഞ്ഞ ഈണങ്ങളുടെ മഹാറാണിയെന്നാണ് ജാനകിയമ്മയെ ആസ്വാദക ലോകം വിശേഷിപ്പിക്കുന്നത്. തെന്നിന്ത്യൻ ഭാഷകൾക്കു പുറമെ ഹിന്ദിയടക്കം മിക്കവാറും എല്ലാ ഇന്ത്യൻ ഭാഷകളിലും ജാനകിയമ്മ ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. ഏതാനും വിദേശ ഭാഷാ ഗാനങ്ങൾക്കും അവർ ശബ്ദം നൽകി. വിവിധ ഭാഷകളിൽ അരലക്ഷത്തിലേറെ ഗാനങ്ങൾക്കാണ് ജാനകിയമ്മ ശബ്ദം നൽകിയത്. ഓരോ ഭാഷയുടെയും ഉച്ചാരണവും ഭാവപൂർണതയും ഉൾക്കൊള്ളാൻ കഴിഞ്ഞതാണ് ജാനകിയമ്മയെന്ന ഇതിഹാസ ഗായികയുടെ സവിശേഷത. ഭാവസാന്ദ്രമായ അവരുടെ ശബ്ദം അതുകൊണ്ടുതന്നെ ആസ്വാദകരുടെ ആത്മാവിൽ നിറഞ്ഞു കവിഞ്ഞു. ആറു പതിറ്റാണ്ടിലേറെ മലയാള ഗാനങ്ങളുടെ മറ്റൊരു പേരായി S ജാനകി മാറി. 1963-ലെ  അമ്മയെ കാണാൻ എന്ന സിനിമയിലെ ഉണരുണരൂ ഉണ്ണിപ്പൂവേ

എന്ന ഗാനം ഇന്നും തലമുറകളുടെ ഉണർത്തുപാട്ടാണ്.

(ഓഡിയോ )

ഗാനരചയിതാവിന്റെ ഉള്ളറിഞ്ഞ് വാക്കുകളുടെ ഭാവവും വികാരവും ഉൾക്കൊള്ളാൻ മറ്റേതു ഗായികയേക്കാളും അവർക്കു കഴിഞ്ഞിരുന്നു. ജനനം കൊണ്ട് മലയാളിയല്ലെങ്കിൽ പോലും മലയാള ഭാഷ ഗാനങ്ങൾ അനായാസമായും ലളിതമായും ആലപിക്കാൻ ജാനകിയമ്മക്കു കഴിഞ്ഞു.1977 ൽ പുറത്തിറങ്ങിയ വിഷുക്കണിയെന്ന ചിത്രത്തിലെ മലർക്കൊടി പോലെ ... മലയാളത്തിലെ മാധുര്യമേറിയ താരാട്ടുപാട്ടുകളിലൊന്നാണ്.

(ഓഡിയോ )

പ്രണയം ,വിരഹം ദുഃഖം, തുടങ്ങിയ ഭാവങ്ങളെ ഇത്ര സൂക്ഷ്മതയോടെ ആസ്വാദകരുടെ ആത്മാവിലേക്കു മറ്റാരേക്കാളും മികവിൽ ജാനകിയമ്മ പകർന്നു നൽകി. പ്രണയ സാന്ദ്രം എന്നല്ലാതെ വിശേഷിപ്പിക്കാനാവാത്ത, ഈ ഗാനം 1980 ൽ പുറത്തുവന്ന മഞ്ഞിൽ വിരിഞ്ഞ പൂവിലേതാണ്.

(ഓഡിയോ )

ഓരോ ഗാനവും ഓരോ അനുഭൂതിയാക്കി മാറ്റാൻ S .ജാനകിയെന്ന ഗാനകോകിലത്തിനു കഴിഞ്ഞു.

കൊഞ്ചി പാടുന്ന മൂന്നുവയസുകാരിയുടെ സ്വരം മുതൽ അവർ ഗാനങ്ങളിൽ പകർന്നു തന്നിട്ടുണ്ട്. കഥാ സന്ദർഭങ്ങൾക്ക് യോജിച്ച ഭാവസുന്ദരമായ ആലാപന ശൈലിയാണ് ജാനകിയമ്മയെ ഈണങ്ങളുടെ മഹാരാജ്ഞിയാക്കി മാറ്റിയത്.

മലയാളത്തിനു പുറമെ തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലും എണ്ണമറ്റ ഗാനങ്ങൾക്ക് അവർ നാദമാധുര്യം പകർന്നു.

(തമിഴ് ഓഡിയോ ).

✪✪✪

ആന്ധ്രാപ്രദേശിലെ ഗുണ്ടൂർ ജില്ലയിൽ 1938 ഏപ്രിൽ 23നായിരുന്നു എസ്. ജാനകിയുടെ ജനനം. ചെറുപ്പം മുതലേ സംഗീതവാസനയുണ്ടായിരുന്നെങ്കിലും ചില ഹ്രസ്വകാല പഠനങ്ങളൊഴികെ ശാസ്ത്രിയസംഗീതം ആഴത്തിൽ പഠിക്കാൻ അവസരങ്ങളൊന്നും അവർക്ക് ലഭിച്ചില്ല.

1956ൽ ആകാശവാണി നടത്തിയ അഖിലേന്ത്യാ സംഗീതമത്സരത്തിൽ പങ്കെടുത്ത് രണ്ടാം സ്ഥാനത്തിന് അർഹയായതാണ് ജാനകിക്ക് സംഗീതലോകത്തേക്ക് വഴിതുറന്നത്. പ്രശസ്ത സംഗീത സംവിധായകൻ ചലപതി റാവുവിനുവേണ്ടി 'വിധിയിൻ വിളയാട്ട്' എന്ന തമിഴ് ചിത്രത്തിൽ പാടിയാണ് ജാനകി ചലച്ചിത്ര സംഗീതലോകത്തേക്ക് കടന്നുവരുന്നത്. ചിത്രം പുറത്തിറങ്ങിയില്ലെങ്കിലും മലയാളം ഉൾപ്പെടെ ആറു ഭാഷകളിൽ പാടുവാൻ ആ വർഷം തന്നെ അവസരം ലഭിച്ചു.

1957ൽ പുറത്തിറങ്ങിയ മിന്നുന്നതെല്ലാം പൊന്നല്ല എന്ന ചിത്രത്തിലെ ഇരുൾ മൂടുകയോ എൻ വഴിയിൽ എന്ന ഗാനമാണ് മലയാളത്തിൽ അവർ ആദ്യമായി പാടിയത്.

1962ൽ പുറത്തിറങ്ങിയ കൊഞ്ചും ചിലങ്കൈ എന്ന തമിഴ്ചിത്രത്തിൽ ജാനകി പാടിയ ശിങ്കാര വേലനേ ദേവ എന്ന പാട്ട് തെന്നിന്ത്യൻ സംഗീതലോകത്ത് ഹിറ്റായി.

മലയാളത്തിലെ ഒട്ടുമിക്ക സംഗീത സംവിധായകർക്കുവേണ്ടിയും ജാനകി പാടിയിട്ടുണ്ട്.

ഭൗതികദേഹം രാവിലെ എട്ടര മുതൽ മൈസുരു മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ എത്തിക്കും. പൊതു ദർശനത്തിന് ശേഷം ഉച്ചകഴിഞ്ഞ് കനിയനഹുണ്ഡി ഫാം ഹൗസിലാണ് സംസ്കാരം.

✪✪✪

S ജാനകിയുടെ വിയോഗത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ അനുശോചിച്ചു. അതുല്യമായ ശബ്ദം കൊണ്ടും അസാധാരണമായ വൈദഗ്ധ്യം കൊണ്ടും അനുഗ്രഹീതയായ എസ്. ജാനകി ആയിരക്കണക്കിന്

ഗാനങ്ങളിലൂടെ ശ്രോതാക്കളെ  ആകർഷിച്ചുവെന്ന് ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഗായിക എസ്. ജാനകിയുടെ വിയോഗത്തിൽ മുഖ്യമന്ത്രി വി.ഡി സതീശനും, പ്രതിപക്ഷ നേതാവ് പിണറായി വിജയനും, മന്ത്രിമാരും, സ്പീക്കറും, വിവിധ കക്ഷി നേതാക്കളും  അനുശോചിച്ചു.

മാതൃഭാഷ മലയാളമല്ലായിരുന്നിട്ടും, ഉച്ചാരണശുദ്ധിയോടെയും ഭാവസാന്ദ്രതയോടെയും അവർ പാടിത്തീർത്ത ഓരോ ഗാനവും മലയാളികളുടെ ഹൃദയത്തോട് ചേർന്നുകിടക്കുന്നവയാണെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മറ്റൊരു നാട്ടിൽ നിന്നെത്തി മലയാളി മനസ്സ് കീഴടക്കിയ മഹാഗായിക  എസ് ജാനകി വിടവാങ്ങുമ്പോൾ  നീണ്ട ഒരു കാലത്തിന് തിരശ്ശീല വീഴുക കൂടിയാണെന്ന് പ്രതിപക്ഷനേതാവ് അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിലെ  PUSA കാമ്പസിൽ 'പര്യാവരൺ  സംരക്ഷൺ സങ്കൽപ്പ്' പരിപാടിയിൽ പങ്കെടുക്കും. രാജ്യത്തെ 17,000 ത്തോളം വൃക്ഷ സംരക്ഷകരുമായി  അദ്ദേഹം സംവദിക്കും . വൃക്ഷത്തൈ നടീൽ, ജലസംരക്ഷണം, പാരിസ്ഥിതിക പുനഃസ്ഥാപനം എന്നീ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ, എല്ലാ സംസ്ഥാനങ്ങളിലെയും  വൃക്ഷസംരക്ഷകർ ഈ പരിപാടിയിൽ പങ്കാളികളാകും.

✪✪✪

ഭക്ഷ്യസുരക്ഷാ മാനദണ്ഡ നിയമം ലംഘിച്ച പരാതികളിൽ  ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, സ്വിഗ്ഗി ഇൻസ്റ്റാമാർട്ടിന് ഒമ്പത് നോട്ടീസ്  അയച്ചു. വിശദീകരണവും റിപ്പോർട്ടും സമർപ്പിക്കാൻ കമ്പനിയുടെ  ഫുഡ് ബിസിനസ് ഓപ്പറേറ്ററോട് നിർദ്ദേശിച്ചു. ഇല്ലെങ്കിൽ ഉചിതമായ നിയമനടപടി സ്വീകരിക്കുമെന്ന്  സാമൂഹിക മാധ്യമത്തിൽ  FSSAI അറിയിച്ചു.

കാലഹരണപ്പെട്ടതും  മലിനമായതും സുരക്ഷിതമല്ലാ ത്തതുമായ  ഭക്ഷ്യ ഉൽപ്പന്നങ്ങൾ സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് വഴി വിതരണം ചെയ്തെന്നായിരുന്നു പരാതികൾ.

✪✪✪

വിയറ്റ്നാമിൽ  ബോട്ട് അപകടത്തിൽ രണ്ട് മലയാളികൾ മരിച്ച സംഭവത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ മുഖ്യമന്ത്രി VD സതീശൻ നോർക്ക CEO

യെ ചുമതലപ്പെടുത്തി. വിദേശകാര്യ മന്ത്രാലയവുമായും മുഖ്യമന്ത്രിയുടെ ഓഫീസ് ആശയ വിനിമയം നടത്തുന്നുണ്ട്. ഏകോപനത്തിന് കേരള ഹൗസ് റസിഡന്റ് കമ്മിഷണറെയും ചുമതലപ്പെടുത്തി.

✪✪✪

വിയറ്റ്നാമിൽ ബോട്ട് അപകടത്തിൽ മരണപ്പെട്ട കൊട്ടാരക്കര സ്വദേശികളായ AC തോമസ്, ഭാര്യ ലോവേനി തോമസ് എന്നിവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കാൻ നടപടി പുരോഗമിക്കുകയാണെന്ന് മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു. ഇവരുടെ വീട്ടിലെത്തി മന്ത്രി കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു.

✪✪✪

കോട്ടയം ജില്ലാ ആയുർവേദ ആശുപത്രിയെ മാതൃകാ ആശുപത്രിയാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ആശുപത്രിയിലെ ഫ്രണ്ട് ഓഫീസിന്റെയും പകർച്ചവ്യാധി പ്രതിരോധ ക്യാമ്പിന്റെയും ഉദ്ഘാടനം നിർവഹിക്കുക യായിരുന്നു അദ്ദേഹം.

✪✪✪

ലഹരിയുടെ കറുത്ത കൈകളിൽ നിന്ന് നാടിനെ രക്ഷിക്കുന്ന പോരാട്ടത്തിൽ വിദ്യാർത്ഥികൾ മുന്നണിപ്പോരാളികളാകണമെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. തൃശൂർ ചാലക്കുടി നിയോജകമണ്ഡലത്തിലെ SSLC,+2 പൊതുപരീക്ഷകളിൽ ഉന്നത വിജയംനേടിയ വിദ്യാർത്ഥികൾക്ക് സനീഷ് കുമാർ ജോസഫ് MLA ഏർപ്പെടുത്തിയ 'MLA അവാർഡ്- 2026' അനുമോദന പരിപാടി ചാലക്കുടിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

'ഓപ്പറേഷൻ തൂഫാൻ'. പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ 'തൂഫാൻ വാര്യേഴ്സ്' ആയി പ്രഖ്യാപിക്കുമെന്നും അദ്ദേഹം പറഞ്ഞു .

✪✪✪

ഓപ്പറേഷൻ തൂഫാൻ നാർക്കോ ഹണ്ടിന്റെ ഭാഗമായി കൊച്ചി സിറ്റിയിൽ പോലീസ് നടത്തിയ പരിശോധനയിൽ സിനിമാ പ്രൊഡക്ഷൻ കൺട്രോളർ പിടിയിലായി. കോട്ടയം തലയോലപ്പറമ്പ് സ്വദേശി വിശാൽ സോമൻ ആണ് അഞ്ച് ഗ്രാം MDMA യുമായി പിടിയിലായത്. കടവന്ത്ര ഗിരിനഗർ നേതാജി റോഡിലെ ഹോട്ടലിൽ നടത്തിയ പരിശോധനയിലാണ് ഇയാൾ പിടിയിലായത്.

✪✪✪

കോഴിക്കോട് നടക്കാവിൽ കഞ്ചാവുമായി രണ്ട് യുവാക്കളെ പൊലീസ് പിടികൂടി. കാരപറമ്പ് സ്വദേശി മുഹമ്മദ് ഷഹദ്, വേങ്ങേരി കണ്ണാടിക്കൽ

സ്വദേശി  സനു എന്നിവരാണ് അറസ്റ്റിലായത്. ഇവരിൽ നിന്നും 35 ഗ്രാമോളം കഞ്ചാവ് പോലീസ് കണ്ടെടുത്തു.

കോഴിക്കോട്  മാറാട് നിന്ന്  ബ്രൌൺഷുഗറുമായി ബേപ്പൂർ സ്വദേശി മുജീബ് റഹ്മാനെ  പൊലീസ് പിടികൂടി. ഇയാളിൽ നിന്ന്  വിൽപനയ്ക്കായി  സൂക്ഷിച്ച മൂന്ന് ഗ്രാമിലേറെ  ബ്രൌൺ ഷുഗറും,  4550 രൂപയും, മയക്കുമരുന്ന് കടത്താൻ ഉപയോഗിച്ച സ്കൂട്ടറും, മൊബൈൽ ഫോണും  പോലീസ് കണ്ടെടുത്തു.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇംഗ്ലണ്ട് സെമിയിൽ.  നോർവെയെ ഒന്നിനെതിരെ രണ്ട് ഗോളിന് തോൽപ്പിച്ചാണ് ഇംഗ്ലണ്ടിന്റെ സെമിപ്രവേശം.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ

....(വോയ്സ്)..........

അർജന്റീന - സ്വിറ്റ്സർലൻഡ്  മത്സരം പുരോഗമിക്കുകയാണ്.

✪✪✪

ഏഷ്യൻ അണ്ടർ 19, ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ  പുരുഷ വിഭാഗത്തിൽ ഇന്ത്യക്ക്  ആറ് മെഡൽ പ്രതീക്ഷ .ആറ് ബോക്സർമാർ സെമിഫൈനലിലേക്ക് കടന്നതോടെയാണ്  ഇന്ത്യ  മെഡലുകൾ ഉറപ്പാക്കിയത്.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് പുരുഷ ട്വന്റി- 20  അഞ്ചു മത്സര ക്രിക്കറ്റ് പരമ്പരയിൽ സതാംപ്ടണിൽ ഇന്ത്യയെ 56 റൺസിന് പരാജയപ്പെടുത്തി ഇംഗ്ലണ്ട്  പരമ്പര സ്വന്തമാക്കി.

ഇംഗ്ലണ്ട് ഉയർത്തിയ 258 റൺസിന്റെ വിജയലക്ഷ്യവുമായി  മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യയ്ക്ക്, 20 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 201 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

✪✪✪

ലണ്ടനിലെ ലോർഡ്സിൽ  വനിതാ ക്രിക്കറ്റ് ടെസ്റ്റ് മത്സരത്തിന്റെ രണ്ടാം ദിവസം കളി നിർത്തുമ്പോൾ, ഇന്ത്യ രണ്ടാം ഇന്നിംഗ്സിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 154 റൺസ് എന്ന നിലയിലാണ്. നേരത്തെ, ഇംഗ്ലണ്ട് ആദ്യ ഇന്നിംഗ്സിൽ 170 റൺസിന് പുറത്തായി. ഇന്ത്യ നിലവിൽ 269 റൺസിന് മുന്നിലാണ്.

✪✪✪

കോഴിക്കോട് NIT സംഘടിപ്പിച്ച ഇൻഡോ-നോർവേ സ്പാർക്ക് അന്താരാഷ്ട്ര ശില്പശാല സമാപിച്ചു."സ്മാർട്ട് അഗ്രിക്കൾച്ചറിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഹൈപ്പർസ്പെക്ട്രൽ ഇമേജിംഗും" എന്ന വിഷയത്തിലാണ് ശില്പശാല സംഘടിപ്പിച്ചത്. സുസ്ഥിര കൃഷിക്ക് അനുയോജ്യമായ നിർമ്മിതബുദ്ധി സാങ്കേതികവിദ്യകൾ പരിചയപ്പെടുകയെന്ന ലക്ഷ്യത്തോടെയായിരുന്നു ശില്പശാല.

✪✪✪

ആലപ്പുഴ പുന്നമടക്കായലിൽ അടുത്ത മാസം 22ന് നടക്കുന്ന 72-ാമത് നെഹ്റുട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നമായ 'വള്ളം തുഴയുന്ന വേഴാമ്പൽ' കെ. സി. വേണുഗോപാൽ MP പ്രകാശനം ചെയ്തു. ചലച്ചിത്രതാരം ഭാമ ഭാഗ്യചിഹ്നം ഏറ്റുവാങ്ങി. ചടങ്ങിൽ മന്ത്രി M. ലിജു മുഖ്യാതിഥിയായിരുന്നു.

✪✪✪

കോഴിക്കോട് വെസ്റ്റ്ഹിൽ ശ്മശാനത്തിൽ ഗ്യാസും വിറകും ഉപയോഗിച്ച് ചൂളക്ക് പുറത്ത് വച്ച് സംസ്കാരം നടത്തുമ്പോൾ, പുക കാരണം പ്രദേശവാസികൾക്ക് അനുഭവപെടുന്ന ബുദ്ധിമുട്ടിന് ശാശ്വത പരിഹാരം കാണണമെന്ന് BJP സിറ്റി ജില്ലാ പ്രസിഡന്റ് KP പ്രകാശ് ബാബു ആവശ്യപ്പെട്ടു. വെസ്റ്റ്ഹിൽ ശ്മശാനത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം എന്നാവശ്യപ്പെട്ട് BJP വെസ്റ്റ്ഹിൽ ഏരിയ കമ്മിറ്റി സംഘടിപ്പിച്ച ധർണ്ണ ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അബ്ദുൽ കബീർ*
*News Team:രജിന കെ*
*DEO: ഷീബ*